മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ

സന്ധ്യാനമസ്കാരവും വലിയനോമ്പിലെ കുടുംബാരാധന ക്രമവും

St. Gregorios Indian Orthodox Church (Maha Edavaka), Kuwait
www.iocq8.org

<u>ഉള്ളടക്കം</u>

1. **സന്ധ്യാ നമസ്കാരം (പേജ് നമ്പർ 1)**

2. **വലിയനോമ്പിലെ കുടുംബാരാധന ക്രമം (പേജ് നമ്പർ 17)**

3. **51–ാം സങ്കീർത്തനം (പേജ് നമ്പർ 31)**

Sandhyaanamaskaaram

Pithaavinum puthranum parisuddhathmavinum sthuthi +
Aadimuthal ennannekkumthanne. Amen.
Aakaashavum bhoomiyum thante mahathwam kondu niranjirikkunna balavaanaaya daivam thampuraan, parishuddhan, parishuddhan, parishuddhan, uyarangalil sthuthi. +

Daivamaaya Karthaavinte thirunaamathil vannavanum varuvaanirikkunnavanum aayavan vaazhthappettavanaakunnu uyarangalil sthuthi. +

(Kauma)

Daivame! nee parishuddhanaakunnu

Balavaane! nee parishuddhanaakunnu

Maranamillaathavane! nee parishuddhanaakunnu

Njangalkku vendi kurishikkappettavane! +

Njangalodu karuna cheyyaname. (moonnu praavashyam chollanam)

Njangalude Karthaave njangalodu karunacheyyaname. Njangalude Karthaave kripayundaayi njangalodu karunacheyyename. Njangalude Karthaave njangalude shushrooshayum praarthanakalum kaikkondu njangalodu karunacheyyename.

Daivame ninakku sthuthi. Srashtaave ninakku sthuthi, paapikalaaya adiyaarodu karuna cheyyunna mishihaa raajaave ninakku sthuthi. +

Barekumor.

സന്ധ്യാനമസ്കാരം

പ്രാരംഭം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി +
ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ സ്തുതി. +

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി. +

(കൗമാ)

ദൈവമേ! നീ പരിശുദ്ധനാകുന്നു
ബലവാനേ! നീ പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു
ഞങ്ങൾക്ക് വേണ്ടി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളോടു കരുണചെയ്യണമേ. (മൂന്നു പ്രാവശ്യം ചൊല്ലണം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യേണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യേണമേ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്ക് സ്തുതി, പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മശിഹാരാജാവേ! നിനക്ക് സ്തുതി. +

ബാറെക്മോർ.

Karthru Praarthana

Swargasthanaaya njangalude pithaave, ninte thirunaamam parishuddhamaakkappedename. Ninte raajyam varaname . Ninte thiruvishtam swargathileppole bhoomiyilum aakaname. Njangalkku aavashyamulla appam innu njangalkku tharaname. Njangalude kadakkaarodu njangal kshamichathupole njangalude kadangalum paapangalum njangalodu kshamikkaname. Pareekshayilekku njangale praveshippikkaruthe. Pinneyo dushtanil ninnum njangale rakshichukollaname. Enthukondennaal raajyavum shakthiyum mahathwavum ennekkum ninakkullathaakunnu. Amen.

Krupa niranja mariyame! ninakku samaadhaanam. Nammude Karthaavu ninnodu koode, sthreekalil nee vaazhthappettaval. Ninte udaraphalamaaya nammude karthaaveesho mishihaa vaazhthappettavanaakunnu. Daivamaathaavaaya vishuddha kanyaka Martha Mariyame paapikalaaya njangalkku vendi ippozhum eppozhum njangalude maranasamayathum Daivamthampuraanodu apekshichukollename. Amen.

Marichavarkuvendi

Anugrahangal niranjirikkunnavane!

Uyirppu divasangalil ninte srishtiye nee puthuthaakkaname.
Karthaave! ninte sharanathil marichu ninte varavinaayi nokkippaarkkunna njangalude marichupoyavare nee aashwassippichu punyappeduthaname.

Abrahaaminteyum Isahaakkinteyum Yaakkobinteyum madiyil avare nee vasippikkaname.

കർത്തൃ പ്രാർത്ഥന

(കൈകൾ മലർത്തി മേലിലേക്ക് കണ്ണുകൾ ഉയർത്തിക്കൊണ്ട്)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ, നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ! നിനക്ക് സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവേശുമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യകമർത്തമറിയമേ! പാപികളായ ഞങ്ങൾക്ക് വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചുകൊള്ളേണമേ. ആമ്മീൻ

മരിച്ചവർക്കുവേണ്ടി

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ!

ഉയിർപ്പു ദിവസങ്ങളിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.
കർത്താവേ! നിന്റെ ശരണത്തിൽ മരിച്ച് നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ.
അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ നീ വസിപ്പിക്കണമേ.

Vannavanum varunnavanum marichupoyavare uyirppikkunnavanum aayavan vaazhthappettavanaakunnu ennu shareerangalum aathmaakkalum orumichu attahasichu parayumaaraakaname.

Kuriyelaayisson.

(Kauma)

Psalms - 141

Karthaave! ninne njaan vilichu ennodu nee utharamarulicheythu ente vachanangal shraddhichu kelkkaname.

Ente praarthana thirumumpaake dhoopam poleyum ente kaikalile kaazhcha vaikunnerathe kaazhcha poleyum angeekarikkaname. Ente hridayam oru dushkaaryathinum chaayaatheyum njaan anyaayakriyakal cheyyaatheyum irikkathakkavannam ente vaaykku kaavalkkaaraneyum ente adharangalkku sookshippukaaraneyum niyamikkaname.

Dushtamanushyarodu njaan koottucheruvaanitayaakaruthe. Neethimaan enne padippikkukayum shaasikkukayum cheyyatte. Dushtanmaarude salkkaaram kondu njaan pushtippedumaaraakaruthe. Ente praarthana avarude thinmaykkethiraayittakunnuvallo.Avarude nyaayaadhipanmaar paarayude mukalil ninnu thalli veezhthappedumpol ente vachangal impakaramaayirunnu ennu avar ariyum.

Kozhuvu nilam uzhuthumarichittirikkunnathupole avarude asthikal paathaalavaathilkkal chitharikkidakkunnu. Karthaave! njaan ente kannukal ninte adukkalekkuyarthi ninnil sharanappettu. Ente aathmaavine thallikkalayaruthe.

വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ചു പറയുമാറാകണമെ.

കുറിയേലായിസ്സോൻ.

(കൗമാ)

141-ാം സങ്കീർത്തനം

കർത്താവേ! നിന്നെ ഞാൻ വിളിച്ചു എന്നോട് നീ ഉത്തരമരുളിചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമേ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ച പോലെയും അംഗീകരിക്കണമേ. എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകൾ ചെയ്യാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോട് ഞാൻ കൂട്ടുചേരുവാനിടയാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ സൽക്കാരം കൊണ്ട് ഞാൻ പുഷ്ടിപ്പെടുമാറാകരുതേ. എന്റെ പ്രാർത്ഥന അവരുടെ തിന്മയ്ക്കെതിരായിട്ടാകുന്നുവല്ലോ. അവരുടെ ന്യായാധിപന്മാർ പാറയുടെ മുകളിൽ നിന്ന് തള്ളി വീഴ്ത്തപ്പെടുമ്പോൾ എന്റെ വചങ്ങൾ ഇമ്പകരമായിരുന്നു എന്ന് അവർ അറിയും.

കൊഴുവ് നിലം ഉഴുതുമറിച്ചിട്ടിരിക്കുന്നതുപോലെ അവരുടെ അസ്ഥികൾ പാതാളവാതിൽക്കൽ ചിതറിക്കിടക്കുന്നു. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

Enikkaayi kenikal marachuvachchittulla ahangkaarikalude kaiyyil ninnu enne kaathukollaname. Njaan kadannu pokumpol anyaayakkaar thangalude valakalil orumichu veezhatte.

Psalms – 142

Ente aathmaavu kuntithappettappol njaan ente shabdathaal Karthaavine vilichu. Ente shabdathaal njaan Karthaavinodu praarthichu. Avante mumpaake njaan ente sankadam bodhippichu. Avante mumpaake ente njerukkathe njaan ariyikkukayum cheythu. Nee ente ooduvazhikal ariyunnuvallo.

Ente nadappukalude vazhiyil avar enikkaayi kenikal marachu vachu. Njaan valathottu nokki. Enne ariyunnavan illennu njaan kandu. Sankethasthalam enikkillaatheyaayi. Ente dehikkuvendi pakaram chodikkunnavanum illa. Karthaave! njaan ninte adukkal nilavilichu. Karthaave! jeevichirikkunnavarude deshathu ente aashrayavum ente ohariyum neeyaakunnu ennu njaan paranju.

Njaan ettam thaazhthappettirikkakondu ente apekshaye sookshichu kelkkaname. Enne peedippikkunnavar ennekkaal balavaanmaaraayathukondu avaril ninnu enne viduvikkaname. Njaan ninte naamathe sthothram cheyvaanaayittu ente aathmaavine kaaraagrihathil ninnu purappeduvikkaname. Nee enikkuvendi pakaram cheyyumpol ninte neethimaanmaar enikkaayi kaathirikkum.

Psalms – 119

Ninte vachanam ente kaalukalkku vilakkum ente ooduvazhikalkku prak-aashavumaakunnu. Ninte neethiyulla vidhikale aacharippaanaayittu,

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള അഹങ്കാരികളുടെ കൈയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

142–ാം സങ്കീർത്തനം

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വച്ചു. ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവൻ ഇല്ലെന്ന് ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽ നിന്ന് എന്നെ വിടുവിക്കണമേ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമേ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

119–ാം സങ്കീർത്തനം

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട്,

njaan aanayittu nishchayichu. Njaan ettam ksheenichu. Karthaave! ninte vachanaprakaaram enne jeevippikkaname. Karthaave! ente vaayile vachangalil nee ishtappedaname. Ninte nyaayangalil ninnu enne padippikkaname.

Ente dehi ellaayppozhum ninte kaikalil irikkunnu. Ninte nyaayapramaanam njaan marannilla. Paapikal enikkaayi kenikal vachu. Ennaalum njaan ninte kalpanakalil ninnu thettippoyilla. Njaan ninte saakshiye ennekkum avakaashamaayi sweekarichu. Enthennaal athu ente hridayathinu aanandamaakunnu. Ninte kalpanakal ennekkum sathyathode nivarthippaan njaan ente hridayam thirichu.

Psalms – 117

Sakala jaathikalume! Karthaavine sthuthippin. Sakala janangalume! avane sthuthippin. Enthennaal avante krupa nammudemel balappettirikkunnu. Avan sathyamaayittu ennekkum Karthaavaakunnu.

Daivame! sthuthi ninakku yogyamaakunnu. Barekumor.

Ekbo

Karthaave! Karunayode ninte chevi chaaychu njangalude praarthanakale kettu njangalodu utharamaruli cheyyaname. Njangalude shushrooshayum praarthanakalum dayavode kaikkolluv-aan, ninakku ishtamundaakukayum cheyyaname.
Sthauman kaalos …. Kuriyelaayisson.

Kolokal (Dhoopa Praarthana)

Karthaave! njangalude praarthana ninte sannidhiyil sugandhavarggam pole impamaayi bhavikkename. Sugandhadhoopam pole athu ninte sannidhiyilekku uyarumaaraakaname.

ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റം ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ ന്യായപ്രമാണം ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികൾ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളീൽ നിന്ന് തെറ്റിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു. നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാൻ ഞാൻ എന്റെ ഹൃദയം തിരിച്ചു.

117–ാം സങ്കീർത്തനം

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എക്ബോ

കർത്താവേ! കരുണയോടെ നിന്റെ ചെവി ചായ്ച്ച്, ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമെ. ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും ദയവോടെ കൈക്കൊള്ളുവാൻ, നിനക്ക് ഇഷ്ടമുണ്ടാകുകയും ചെയ്യണമേ.

സ്തൗമൻകാലോസ് ..... കുറിയേലായിസ്സോൻ.

കോലോകൾ (ധൂപപ്രാർത്ഥന)

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന, നിന്റെ സന്നിധിയിൽ സുഗന്ധവർഗ്ഗംപോലെ ഇമ്പമായി ഭവിക്കേണമെ. സുഗന്ധധൂപം പോലെ, അത് നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകണമെ.

Sugandhavarggangalude puka ninakku impamaayirikkunnathupole njangalude namaskaarangalilum praarthanakalilum apekshakalilum sthothrangalilum nee ishtappettu, njangalilulla ayogyathakale orkkaathe avaye kaikkollukayum. Njangalude yaachanakale nalkukayum cheyyaname. Barekumor.

Daivamaathaavinodu

Kanyakayaaya Maathaave! ellaa bhaagangalil ninnum njangalkku vannukoodunna upadravangaleyum ee loka samudrathinte olangale-yum chuzhalikaleyum nee thadukkename. Maathaave! Daiva sannidhiyil ninakkulla dhairyamaaya praveshanam moolam Daivam njangalkku karunayum paapamochanavum, rogikalkku saukhyavum njerukkathilirikkunnavarkku aashwaassavum, akale poyirikkunna-varkku thirichu varavum nalkuvaanaayittu njangalkku vendi apekshikkename.

Parishuddhanmaarodu

Sahadenmaare, jalapralaya kaalathil neethimaanaaya Noha, thannodu-koode pettakathinakathu praveshicha jeeva janthukkale, athinte ullil marachukondaprakaaram ningal lokathe chuttiyirikkunna thiramaal-akalil ninnum chuzhalikalil ninnum athine marachu kollaname.

Mar Thomasleehaa, Mar Gregorios, Mar Divannaasiyos ningalude shobha melullavare vismayippichu. Ningalude shreshtamaaya naamam thaazheyullavarude idayil pukazhthappedunnu. Ningalude yajamaananaaya Mashihaa ningalude nalla nadapadikale kandu, ningalude ormmaye bahumaanichu sreshtathapeduthiyirikkunnu. Ningalude praarthana, njangalkku sahaayakaramaayirikkename.

സുഗന്ധവർഗ്ഗങ്ങളുടെ പുക നിനക്ക് ഇമ്പമായിരിക്കുന്നതുപോലെ, ഞങ്ങളുടെ നമസ്കാരങ്ങളിലും പ്രാർത്ഥനകളിലും അപേക്ഷകളിലും സ്തോത്രങ്ങളിലും നീ ഇഷ്ടപ്പെട്ട്, ഞങ്ങളിലുള്ള അയോഗ്യതകളെ ഓർക്കാതെ അവയെ കൈക്കൊള്ളുകയും, ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. ബാറെക്മോർ.

ദൈവമാതാവിനോട്

കന്യകയായ മാതാവേ! എല്ലാ ഭാഗങ്ങളിൽ നിന്നും ഞങ്ങൾക്ക് വന്നുകൂടുന്ന ഉപദ്രവങ്ങളേയും, ഈലോക സമുദ്രത്തിന്റെ ഓളങ്ങളേയും ചുഴലികളേയും നീ തടുക്കേണമെ. മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യമായ പ്രവേശനം മൂലം ദൈവം ഞങ്ങൾക്ക് കരുണയും പാപമോചനവും, രോഗികൾക്ക് സൗഖ്യവും, ഞെരുക്കത്തിലിരിക്കുന്നവർക്ക് ആശ്വാസവും, അകലെ പോയിരിക്കുന്നവർക്ക് തിരിച്ച് വരവും, നൽകുവാനായിട്ട് ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമെ.

പരിശുദ്ധന്മാരോട്

സഹദേന്മാരെ, ജലപ്രളയകാലത്തിൽ നീതിമാനായ നോഹ, തന്നോടുകൂടെ പെട്ടകത്തിനകത്ത് പ്രവേശിച്ച ജീവജന്തുക്കളെ, അതിന്റെ ഉള്ളിൽ മറച്ചുകൊണ്ടപ്രകാരം, നിങ്ങൾ ലോകത്തെ ചുറ്റിയിരിക്കുന്ന തിരമാലകളിൽ നിന്നും, ചുഴലികളിൽ നിന്നും, അതിനെ മറച്ചു കൊള്ളണമെ.

മാർതോമാശ്ലീഹാ, മാർ ഗ്രീഗോറിയോസ്, മാർ ദിവന്നാസിയോസ് നിങ്ങളുടെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു. നിങ്ങളുടെ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയിൽ പുകഴ്ത്തപ്പെടുന്നു. നിങ്ങളുടെ യജമാനനായ മ്ശിഹാ, നിങ്ങളുടെ നല്ല നടപടികളെ കണ്ട്, നിങ്ങളുടെ ഓർമ്മയെ ബഹുമാനിച്ച് ശ്രേഷ്ഠതപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് സഹായകരമായിരിക്കേണമേ.

Anuthaapathinte

Paramaarthikale snehikkunna nirmmalanaayirikkunna Daivamaaya Karthaave! Njangalkku ellaayppozhum nirmala hridayam tharename. Ninakkishtamillaatha vyartha vichaarangaleyum dush chinthakaleyum njangalilninnum neekki kalayaname. Karthaave! kallanu thurannu kodutha prakaaram ninte karunayude vaathil nee njangalkku thurannu tharaname. Chunkakkaaranteyum paapiniyaaya sthreeyudeyum anuthaapathe kaikkondathupole, njangalude anuthaapatheyum kai kollename. Maanasaantharappettu thante adukkalekku varunna anuthaapakkaaril preethippedunnavanaayi, karunaapoornnan aayirikkunna Karthaave! ninne upekshichu paranjathinte shesham, shemeone nee punyappeduthiya prakaaram njangalude kadangapleyum paapangaleyum pariharikkaname.

Karthaave! ninte anthya maaya nyaayavisthaarathil mukha pakshamillaathathine orthu kuttakkaaraaya njangal ettavum dukhikkunnu. Bhayankarameriya kanakku pusthakangal vidarthappettu, njangalude kuttangal vaayikkappedunna samayathu, ninte krupa prabalappettu ninte neethiyinkal njangale sahaayikkename. Karthaave! Njangal paapam cheythu poyi ennu njangal sammathikkunnu. Dayavode njangaodu karuna cheyyaname.

Marichavarkkuvendi

Karthaave! Punyappeduthunnathaaya ninte vishuddha shareeratheyum rakthatheyum anubhavichittulla vishwaassikalaaya marichu poyavarekurichu, nalla smarana undaakename. Mashihaa Karthaave! ninte maalaakhamaarodukoode mahathwathil nee varumpol, njangalude marichupoyavar mukha prasaadathodukoode

അനുതാപത്തിന്റെ

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾക്ക് എല്ലായ്പ്പോഴും നിർമല ഹൃദയം തരേണമെ. നിനക്കിഷ്ടമില്ലാത്ത വ്യർത്ഥവിചാരങ്ങളേയും, ദുശ്ചിന്തകളേയും, ഞങ്ങളിൽനിന്നും നീക്കിക്കളയണമേ. കർത്താവേ! കള്ളനു തുറന്നു കൊടുത്ത പ്രകാരം, നിന്റെ കരുണയുടെ വാതിൽ നീ ഞങ്ങൾക്ക് തുറന്നുതരണമേ. ചുങ്കക്കാരന്റേയും പാപിനിയായ സ്ത്രീയുടേയും അനുതാപത്തെ കൈക്കൊണ്ടതുപോലെ, ഞങ്ങളുടെ അനുതാപത്തേയും കൈക്കൊള്ളേണമേ. മാനസാന്തരപ്പെട്ട് തന്റെ അടുക്കലേക്ക് വരുന്ന അനുതാപക്കാരിൽ പ്രീതിപ്പെടുന്നവനായി, കരുണാപൂർണ്ണനായിരിക്കുന്ന കർത്താവേ! നിന്നെ ഉപേക്ഷിച്ചു പറഞ്ഞതിന്റെ ശേഷം, ശെമഓനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളേയും പാപങ്ങളേയും പരിഹരിക്കണമേ.

കർത്താവേ! നിന്റെ അന്ത്യമായ ന്യായവിസ്താരത്തിൽ, മുഖപക്ഷമില്ലാത്തതിനെ ഓർത്ത് കുറ്റക്കാരായ ഞങ്ങൾ ഏറ്റവും ദു:ഖിക്കുന്നു. ഭയങ്കരമേറിയ കണക്കുപുസ്തകങ്ങൾ വിടർത്തപ്പെട്ട്, ഞങ്ങളുടെ കുറ്റങ്ങൾ വായിക്കപ്പെടുന്ന സമയത്ത്, നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയിങ്കൽ ഞങ്ങളെ സഹായിക്കേണമെ. കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ദയവോടെ ഞങ്ങളോടു കരുണ ചെയ്യണമെ.

മരിച്ചവർക്കുവേണ്ടി

കർത്താവേ! പുണ്യപ്പെടുത്തുന്നതായ നിന്റെ വിശുദ്ധ ശരീരത്തേയും, രക്തത്തേയും, അനുഭവിച്ചിട്ടുള്ള വിശ്വാസികളായ മരിച്ചുപോയവരെക്കുറിച്ച്, നല്ല സ്മരണ ഉണ്ടാകേണമേ. മ്ശിഹാ കർത്താവേ! നിന്റെ മാലാഖമാരോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ, ഞങ്ങളുടെ മരിച്ചുപോയവർ മുഖപ്രസാദത്തോടുകൂടെ

ninte valathu bhaagathu ninnukondu, ninte daivathwathe sthuthikkumaaraakaname.

Moriyoraahem melainoo aadaarain.

Njangalude Karthaavaaya Yeshu Mishihaa, ninte karunayude vaathil njangalude nere nee adaykkaruthe. Karthaave! njangal paapikalaakunnu ennu njangal ettu parayunnu. Njangalodu karunayundaakename. Karthaave! ninte maranathaal njangalude maranam maanju pokuvaanaayittu ninte sneham ninte sthaanathu ninnu njangalude adukkalekku irakkikkonduvannu njangalodu karunayundaakaname.

Soothaaraa Prarthana

Karthaave! Ninte sarvva kalpanakaludeyum vazhi njangale padippikkaname. Njangal avaye aacharichu ninte krupayaal jeevikkumaaraakaname. Ninte nalvarathinte bhandaaram kavarcha cheyyappedaathirippaanaayittu njangalude avayavangalude thurakkappetta vaathilukalkku nee kaavalkkaare niyamikkaname. Barekumor.

Vishuddhanmaaraal thante vishuddhatha kondaadappedunna parishuddhanaaya Daivame! Karthaavu parishuddhanennum thante naamam vaazhthappettathennum sroppenmaar sthuthikkunnathupole njangal ninne sthuthippaanaayittu njangalellaavarudeyum vichaarangale nee vishuddheekarichu vedippaakkaname. Moriyo....

Bovooso

Njangalude Karthaave! njangalodu karunayundaayi njangalude shushroosha kaikkollaname.

നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട്, നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമെ.

മൊറിയോറാഹേംമേലൈനൂആദാറൈൻ.

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകേണമെ. കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെസ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് ഇറക്കിക്കൊണ്ടുവന്ന് ഞങ്ങളോട് കരുണയുണ്ടാകണമെ.

സൂത്താറാ പ്രർത്ഥന

(കൗമാ)

കോലോകൾ – അനുതാപത്തിന്റെ

കർത്താവേ! നിന്റെ സർവ്വ കല്പനകളുടേയും വഴി ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ. നിന്റെ നൽവരത്തിന്റെഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്കു നീ കാവൽക്കാരെ നിയമിക്കണമെ. ബാറെക്മോർ.

വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ! കർത്താവ് പരിശുദ്ധനെന്നും തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെസ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരുടേയും വിചാരങ്ങളെ നീ വിശുദ്ധീകരിച്ച് വെടിപ്പാക്കണമെ. മൊറിയൊ....

ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.

Ninte sreebhandaarathilninnu karunayum krupayum mochanavum njangalkku ayachutharaname.
Njangalude pravrithikal ninne kopippippaan thakkavaya-kunnuvenkilum nee kopathinu aagrahamillaathavanaakunnu. Nee karunaapoornnan aayirikkunnathukondu ninte shaanthatha kalanga-thathumaakunnu.
Ninte karuna samudrathinte valippathinkal njangalude paapam asamkhyamenkilum athu cheliyude oru thullipole maathramirikkunnu. Mahaasamudrathe oru thulli chelikku kalakkuvaan kazhiyunnathallallo.
Praarthanakal kelkkunnavanum yaachanakal nalkunnavanum aayullavane! Njangaludemel preethithonni ninte karunayaal njangalude yaachanakale nalkaname.
Kuriyelaayisson..Kuriyelaayisson.. Kuriyelaayisson

Psalms91, 120

Baarekmor, Athyunnathante maravil irikkunnavanum daivathinte nizhalil mahathwappedunnavanumaaya manushyaa!

Baarekmor, nee karthaavinodu, ente sharanavum ente sankethasthalavum njaan aashrayichirikkunna daivavum neeyaakunnu ennu paraka

Enthennaal avan viruddhathinte keniyil ninnum vyartha samsarathil ninnum ninne rakshikkum.

Avan thante thoovalukalkondu ninne rakshikkum. Avante chirakukalude keezhil nee maraykkappedum, avante sathyam ninte chuttilum aayudhamaayirikkum.

നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും കൃപയും മോചനവും ഞങ്ങൾക്കയച്ചുതരണമെ.

ഞങ്ങളുടെ പ്രവൃത്തികൾ നിന്നെ കോപിപ്പിപ്പാൻ തക്കവയാകുന്നുവെങ്കിലും നീ കോപത്തിനു ആഗ്രഹമില്ലാത്ത വനാകുന്നു. നീ കരുണാപൂർണ്ണനായിരിക്കുന്നതുകൊണ്ട് നിന്റെ ശാന്തത കലങ്ങാത്തതുമാകുന്നു.

നിന്റെ കരുണാസമുദ്രത്തിന്റെ വലിപ്പത്തിങ്കൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും അതു ചെളിയുടെ ഒരു തുള്ളിപോലെ മാത്രം ഇരിക്കുന്നു. മഹാസമുദ്രത്തെ ഒരു തുള്ളി ചെളിക്കു കലക്കുവാൻ കഴിയുന്നതല്ലല്ലൊ. പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾ നല്കുന്നവനും ആയുള്ളവനേ! ഞങ്ങളുടെമേൽ പ്രീതി തോന്നി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകണമെ.

കുറിയേലായിസ്സോൻ.. കുറിയേലായിസ്സോൻ.. കുറിയേലായിസ്സോൻ

91, 120 മസുമൂറാകൾ

ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ!

ബാറെക്മോർ, നീ കർത്താവിനോട്, എന്റെ ശരണവും എന്റെ സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും, അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

Nee raathriyile bhayathil ninnum pakal parakkunna asthrathilninnum iruttil sancharikkunna vachanathil ninnum uchayil oothunna kaattil ninnum bhayappedukayilla.

Ninte oru bhaagathu aayirangalum ninte valathubhaagathu pathinaayirangalum veezhum.

Avar ninkalekkadukkayilla.Ennaalo nee ninte kannukal konduthanne kaanum, dushtanmaarkkulla prathipakarathe nee kaanum.

Enthennaal uyarangalil vaasasthalamaakkiya ente sharanamaaya karthaavu neeyaakunnu.

Dosham ninnodadukkukayilla, shiksha ninte koodaarathinu sameepikkayumilla.

Enthennaal ninte sakala vazhikalilum ninne kaakkendunnathinaayittu avan thante maalaakhamaarodu ninnekkurichu kalpikkum.

Ninte kaalil ninakku idarchayundaakaathirippaanaayittu avar thangalude bhujangalil ninne vahikkum.

Gorsso sarppatheyum harmono sarppatheyum nee chavittum. Simhatheyum perumpaampineyum nee methikkum.

Avan enne anwashichathukondu njaan avane rakshichu balappeduthum. Avan ente naamam arinjathukondu enne vilikkum.

Njaan avanodu utharam parayum. Njerukkathil njaan avanodukoode irikkum. Avane njaan balappeduthukayum bahumaanikkukayum cheyyum.

Deerghaayussukondu njaan avane thripthippeduthum. Ente raksha avane njaan kaanikkukayum cheyyum.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്കടുക്കയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾ കൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവു നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല, ശിക്ഷ നിന്റെ കൂടാരത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനാ-യിട്ട് അവൻ തന്റെ മാലാഖമാരോടു നിന്നെക്കുറിച്ചു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട് അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും ഹർമോനൊ സർപ്പത്തെയും നീ ചവിട്ടും, സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

Njaan parvvathathilkku ente kannukale uyarthum. Ente sahaayakkaaran evideninnu varum.

Ente sahaayam aakaashavum bhoomiyum shristicha Karthaavinte sannidhiyil ninnaakunnu.

Avan ninte kaal ilakkuvaan sammathikkukayilla. Ninte kaavalkkaaran urakkam thoongukayumilla.

Enthennaal Israyelinte kaavalkkaaran urakkam thoongunnumilla, uangunnumilla.

Ninte kaavalkkaaran Karthaavaakunnu. Karthaavu thante valathu kaikondu ninakku nizhalidum.

Pakal aadithyanenkilum raathriyil chandranenkilum ninne upadravikkukayilla.

Karthaavu sakala doshangalil ninnum ninne kaathukollum. Karthaavu ninte aathmaavine kaathukollum.

Avan ninte gamanatheyum ninte aagamanatheyum ithumuthal ennekkum kaathukollum.

Daivame! sthuthi ninakku yogyamaakunnu. Barekumor.

Mar Severiyossinte Apeksha

Mahonnathante marvil irikkunnavanaaya Karthaave! ninte karunayin chirakukalude nizhalin keezhil njangale marachu njangalodu karuna cheyyaname.

Sakalavum kelkkunnavane! ninte karunayaal ninte adiyaarude apeksha nee kelkkename.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെനിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളക്കുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രയേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലതുകൈകൊണ്ട് നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

മാർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണചെയ്യണമെ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമെ.

Mahathwamulla raajaavaayi njangalude rakshakanaaya Mishihaa! nirappu niranjirikkunna sandhyayum punyamulla raavum njangalkku nee tharaname.

Njangalude kannukal ninkalekku nokkikkondirikkunnu. Njangalude kadangalum paapangalum punyappeduthi ihavum paravumaaya randu lokangalilum njangalodu karuna cheyyaname.

Karthaave! ninte karuna njangale marachu ninte krupa njangalude munpil nilkkaname. Ninte sleebaa dushtanil ninnum avante sainyangalil ninnum njangale kaathukollaname.

Njangal jeevanodirikkunna naalukalokkeyum ninte valathukai njangalude mel aavasippikkaname.

Ninte samaadhaanam njangalude idayil vaazhumaaraakaname. Ninnodapekshikkunna aathmaakkalkku sharanavum rakshayum nee undaakkaname.

Ninne prasavicha Mariyaaminteyum ninte sakala parishuddhanmaarudeyum praarthanayaal Daivame! njangalude kadangalkku parihaaramundaakki njangalodu karunacheyyaname.

Kroobenmaarude Kauma

Karthaavinte bahumaanam thante sthaanathuninnu ennekkum vaazhthappettathaakunnu + (kumpiduka)

Karthaavinte bahumaanam thante sthaanathuninnu ennekkum vaazhthappettathaakunnu + (kumpiduka)

Karthaavinte bahumaanam thante sthaanathuninnu ennekkum vaazhthappettathaakunnu + (kumpiduka)

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മ്ശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമെ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമെ.

ക്രൂബേന്മാരുടെ കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + (കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + (കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + (കുമ്പിടുക)

Vishuddhiyum mahathwavumulla thrithwame! njangalodu karuna cheyyaname.
Vishuddhiyum mahathwavumulla thrithwame! njangalodu karuna cheyyaname .
Vishuddhiyum mahathwavumulla thrithwame! krupayundaayi njangngalodu karuna cheyyaname.
Nee ennekkum vishuddhiyum mahathwavumullavanaakunnu.
Nee ennekkum vishuddhiyum mahathwavumullavanaakunnu.
Nee ennekkum vishuddhiyullavanum ninte thirunaamam vaazhthappettathum aakunnu.
Njangalaude Karthaave! ninakku sthuthi.
Njangalude Karthaave! ninakku sthuthi.
Ennekkum njangalude sharanavume! ninakku sthuthi. +

Baarekmor

Swarggasthanaaya njangalude pithaave.... ithyaadi

Vishwaasapramaanam

Sarwashakthiyulla pithaavaayi aakaashathinteyum bhoomiyudeyum kaanappedunnavayum kaanappedaathavayumaaya sakalathinteyum srishtaavaaya sathya eka daivathil njangal viswasikkunnu.

Daivathinte ekaputhranum sarvvalokangalkkum munpe pithaavil ninnu janichavanum prakaashathil ninnulla prakaashavum sathyadaivathil ninnlla sathyadaivavum janichavanum srishtiyallaathavanum saaramshathil pithaavinodu samathwamullavanum thannaal sakalavum nirmmikkappettavanum manushyaraaya

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.

എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി. +

ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... ഇത്യാദി

വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരംശത്തിൽപിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ

njangngalkkum njangalude rakshaykkum vendi thiruvishtaprakaaram swarggathil ninnirangi + vishuddha roohaayaal daiva maathaavaaya vishuddha Kanyakamariyaamilninnum shareeriyaayi theernnu manushyanaayi + Ponthiyos Peelaathosinte divasangalil njangal-kkuvendi kurissil tharaykkappettu + kashtathayanubhavichu marichu adakkappettu moonnaam divasam uyirthezhunnettu swarggathilekku kareri, thante pithaavinte valathu bhaagathirunnavanum jeevanullavareyum marichavareyum vidhippaan thante valiya mahathwathode iniyum varuvaanirikkunnavanum, thante raajyathinu avasaanam illaathavanumaaya Yeshu Mishihaayaaya eka Karthaavilum njangal viswasikkunnu.

Sakalatheyum jeevippikkunna Karthaavum pithavilninnu purappettu, pithaavinodum puthranodum koode vandnikkappettu sthuthikkappedunnavanum, Nibiyanmaarum Sleehanmaarum mukhaanthiram samsaarichavanumaayi jeevanum vishuddhiyumulla eka roohayilum kaatholikavum slaiheekavumaaya eka vishuddha sabhayilum njangal vishwasikkunnu.

Paapa mochanathinulla maamodeesa onnumaathrameyulloo ennu njangal ettuparanju marichupoyavarude uyirppinum varuvaanirikkunna lokathile puthiya jeevanumaayi njangal nokkippaarkkunnu. Amen.

Barekumor, sthaumen kaalos kuriyelaayison.

Njangalude Karhthaave! njangalodu karunacheyyaname. Njangalude Karthaave! krupayundaayi njangalodu karuna cheyyaname. Njangalude Karthaave! utharamarulicheythu njangalodu karunacheyyaname. Njangalude Karthaave! Ninakku sthuthi. Njangalude Karthaave! Ninakku sthuthi. Ennekkum njangalude sharaname ninakku sthuthi. Barekumor.

ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ട പ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി + വിശുദ്ധറൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി, + പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി, കുരിശിൽ തറയ്ക്കപ്പെട്ട്,+ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് കരേറി, തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്ത വനുമായ യേശുമിശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽനിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസ ഒന്നുമാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമെൻകാലോസ് കുറിയേലായിസോൻ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണമേ നിനക്കു സ്തുതി, ബാറെക്മോർ.

Swarggasthanaaya njangalude pithaave!...

Krupaniranja Mariyame..ithyaadi

Madhyastha Praarthana

Kaarunyavaanaaya Karthaave! ee kazhinja pakalinte naazhikakale nivarthippaanum, sandhyaasamayathe namskaarangalum apekshakalum ninte sannidhiyil kazhippaanumaayittu njangale yogyaraakkitheertha ninte mahaa valiya karunaykkaayi njangal ninne sthuthikkunnu. Inne divasam njangalil ninnum vannupoyittulla kuttangalum doshangalum njangalodu kshamichu raathri sambandhamaayum andhakaara sambandhamaayulla paapa vikaarangalude sakala impangalil ninnum njangale rakshikkename. Ee sandhya samaadhaanamullathum kalakkamillaathathum varunna raavu maayaamoham koodaathathum upadravamillaathathum aakkitheerkkumaaraakaname.

Daivamaaya Karthaave! sakalavidhamaaya prayaasangalilum rogangalilum paapa bhaarathilum valayunnavaraaya ellaavarkkum nee aashwaasam nalki rakshichu kollaname. Upajeevanathinu shakthikkappuram vela cheyyendi varunnavarum, arddha pattiniyil kazhiyunnavarumaayavare avarkkavashyamaaya saahaayangal nalki anugrahikkename. Yeshuve! visuddha sabhayeyum athile ellaa suvishesha pravarthanagaleum anughrahichushaktheekarikename. Njangale nervazhiyil nadathunna pithakkanmareyum, upadeshtaakkanmaareyum, daiveeka jnjaanathil nadathi deerghaayussu nalki anugrahikkename. Njangalude deshatheyum sahodara varggangaleyum, njangale bharikkunna bharanakoodatheyum, athile nethaakkanmaareyum anugrahikkumaaraakename.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...

കൃപനിറഞ്ഞ മറിയമേ!... ഇത്യാദി

മദ്ധ്യസ്ഥപ്രാർത്ഥന

കാരുണ്യവാനായ കർത്താവേ! ഈ കഴിഞ്ഞ പകലിന്റെ നാഴികകളെ നിവർത്തിപ്പാനും, സന്ധ്യാസമയത്തെ നമസ്കാരങ്ങളും അപേക്ഷകളും നിന്റെ സന്നിധിയിൽ കഴിപ്പാനുമായിട്ട് ഞങ്ങളെ യോഗ്യരാക്കിത്തീർത്ത നിന്റെ മഹാ വലിയ കരുണയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇന്നേദിവസം ഞങ്ങളിൽ നിന്നും വന്നുപോയിട്ടുള്ള കുറ്റങ്ങളും ദോഷങ്ങളും ഞങ്ങളോട് ക്ഷമിച്ച് രാത്രി സംബന്ധമായും അന്ധകാര സംബന്ധമായുള്ള പാപവികാരങ്ങളുടെ സകല ഇമ്പങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമെ. ഈ സന്ധ്യ സമാധാനമുള്ളതും കലക്കമില്ലാത്തതും വരുന്ന രാവ് മായാമോഹം കൂടാത്തതും ഉപദ്രവമില്ലാത്തതുമാക്കിത്തീർക്കുമാറാകണമെ.

ദൈവമായ കർത്താവേ! സകലവിധമായ പ്രയാസങ്ങളിലും, രോഗങ്ങളിലും, പാപഭാരത്തിലും, വലയുന്നവരായ എല്ലാവർക്കും നീ ആശ്വാസം നൽകി രക്ഷിച്ചു കൊള്ളണമെ. ഉപജീവനത്തിനു ശക്തിക്കപ്പുറം വേല ചെയ്യേണ്ടി വരുന്നവരും അർദ്ധപട്ടിണിയിൽ കഴിയുന്നവരുമായവരെ അവർക്കാവശ്യമായ സഹായങ്ങൾ നൽകി അനുഗ്രഹിക്കേണമെ. യേശുവേ! വിശുദ്ധ സഭയേയും അതിലെ എല്ലാ സുവിശേഷപ്രവർത്തനങ്ങളേയും അനുഗ്രഹിച്ചു ശക്തീകരിക്കണമെ. ഞങ്ങളെ നേർവഴിയിൽ നടത്തുന്ന പിതാക്കന്മാരേയും, ഉപദേഷ്ടാക്കന്മാരേയും, ദൈവീക ജ്ഞാനത്തിൽ നടത്തി ദീർഘായുസ്സു നൽകി അനുഗ്രഹിക്കേണമെ.

ഞങ്ങളുടെ ദേശത്തേയും, സഹോദര വർഗ്ഗങ്ങളേയും, ഞങ്ങളെ ഭരിക്കുന്ന ഭരണകൂടത്തെയും, അതിലെ നേതാക്കന്മാരെയും അനുഗ്രഹിക്കുമാറാകേണമെ.

Njangal ee raathriyile vishramathaal kooduthal shakthi praapichu athiraavile unarnnu ninne sthuthikkukayum aajeevanaantham ninte thiruvishtam maathram nivarthippaanum idayaakkename. Njangal ninneyum ninte pithaavineyum, parishuddha roohaayeyum adakkam koodaathe sthuthikkuvaanaayittu thanne. Amen.

Samaapana praarthana

Pithaavaaya Daivathinte snehavum, eka puthrante krupayum, parishuddhaathmaavinte sambandhavum aavaasavum njangalellaavarodum koode ippozhum ellaayppozhum ennekkum undaayirikkaname. Amen.

ഞങ്ങൾ ഈ രാത്രിയിലെ വിശ്രമത്താൽകൂടുതൽ ശക്തി പ്രാപിച്ച് അതിരാവിലെ ഉണർന്ന് നിന്നെ സ്തുതിക്കുകയും ആജീവനാന്തം നിന്റെ തിരുവിഷ്ടം മാത്രം നിവർത്തിപ്പാനും ഇടയാക്കേണമെ. ഞങ്ങൾ നിന്നേയും നിന്റെ പിതാവിനേയും, പരിശുദ്ധ റൂഹായേയും അടക്കം കൂടാതെ സ്തുതിക്കുവാനായിട്ട് തന്നെ. ആമ്മീൻ.

സമാപന പ്രാർത്ഥന

പിതാവായ ദൈവത്തിന്റെ സ്നേഹവും, ഏകപുത്രന്റെ കൃപയും, പരിശുദ്ധാത്മാവിന്റെ സംബന്ധവും ആവാസവും ഞങ്ങളെല്ലാവരോടും കൂടെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഉണ്ടായിരിക്കണമേ. ആമ്മീൻ.

Valiyanompile Kudumbaaraadhana Kramam

Sandhyaanamaskaaram

Praarambham

Pithaavinum puthranum parisuddhathmavinum sthuthi +
Aadimuthal ennannekkum thanne. Amen.
Aakaashavum bhoomiyum thante mahathwam kondu niranjnjirikkunna balavaanaaya Daivam thampuraan, parishuddhan, parishuddhan, parishuddhan, uyarangalil sthuthi. +

Daivamaaya Karthaavinte thirunaamathil vannavanum varuvaanirikkunnavanum aayavan vaazhthappettavanaakunnu uyarangngalil sthuthi. +

(Kauma)

Daivame! nee parishuddhanaakunnu.
Balavaane! nee parishuddhanaakunnu.
Maranamillaathavane! nee parishuddhanaakunnu.
Njangalkku vendi kurishiikkappettavane! +
Njangalodu karuna cheyyaname. (Moonnu praavashyam cholli kumpidanam)
Njangalude Karthaave! njangalodu karunacheyyaname. Njangalude Karthaave! krupayundaayi njangalodu karunacheyyename. Njangalude Karthaave! njangalude shushrooshayum praarthanakalum kaikkondu njangalodu karunacheyyename.

Daivame ninakku sthuthi. srashtaave ninakku sthuthi, paapikalaaya adiyaarodu karuna cheyyunna Mishihaa raajaave ninakku sthuthi. +

Barekumor.

വലിയനോമ്പിലെ കുടുംബാരാധന ക്രമം

സന്ധ്യാനമസ്കാരം

പ്രാരംഭം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി +
ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ സ്തുതി. +

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി. +

(കൗമാ)

ദൈവമേ! നീ പരിശുദ്ധനാകുന്നു
ബലവാനെ! നീ പരിശുദ്ധനാകുന്നു
മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു
ഞങ്ങൾക്ക് വേണ്ടി കുരിശിക്കപ്പെട്ടവനെ!+
ഞങ്ങളോടുകരുണചെയ്യണമേ.(മൂന്നു പ്രാവശ്യം ചൊല്ലികുമ്പിടണം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യേണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യേണമേ.

ദൈവമേ!നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്ക് സ്തുതി, പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാരാജാവേ! നിനക്ക് സ്തുതി. +

ബാറെക്മോർ.

Karthru Praarthana

Swargasthanaaya njangngalude pithaave!, Ninte thirunaamam parishuddhamaakkappedename. Ninte raajyam varaname . Ninte thiruvishtam swargathileppole bhoomiyilum aakaname. Njangalkku aavashyamulla appam innu njangalkku tharaname. Njangalude kadakkaarodu njangal kshamichathupole njangalude kadangalum paapangalum njangalodu kshamikkaname. Pareekshayilekku njangale praveshippikkaruthe. Pinneyo dushtanil ninnum njangale rakshichukollaname. Enthukondennaal raajyavum shakthiyum mahathwavum ennekkum ninakkullathaakunnu. Amen.

Krupa niranja Mariyame! ninakku samaadhaanam. Nammude Karthaavu ninnodu koode, sthreekalil nee vaazhthappettaval. Ninte udaraphalamaaya nammude Karthaaveesho Mishihaa vaazhthappettavanaakunnu. Daivamaathaavaaya vishuddha kanyaka Martha Mariyame! paapikalaaya njangalkku vendi ippozhum eppozhum njangalude maranasamayathum Daivamthampuraanodu apekshichukollename. Amen.

Apekshakal

Thante parishuddhathaykku bhamgamillaathirikke, njangalkkuvendi nompunottavanaaya Mishihaa, ninakku ishtamaakunna prakaaram nompu nolppaan njangalkku krupa nalkaname.

Nompinaal neethimaanmaar sreshtaraayi theernnu, Daivathe prasaadippichu. Mosayum Eliyaayum nammude Karthaavum, naalpathu divasam nompu nottu. Nompaalum praarthanayaalum, saathaane jayippaan njangale padippicha Mishihaa Thampuraanu

കർത്തൃ പ്രാർത്ഥന

(കൈകൾ മലർത്തി മേലിലേക്ക് കണ്ണുകൾ ഉയർത്തിക്കൊണ്ട്)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ, നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ! നിനക്ക് സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവേശുമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യകമർത്തമറിയമേ! പാപികളായ ഞങ്ങൾക്ക് വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചുകൊള്ളേണമേ. ആമ്മീൻ.

അപേക്ഷകൾ

തന്റെ പരിശുദ്ധതയ്ക്ക് ഭംഗമില്ലാതിരിക്കെ, ഞങ്ങൾക്കുവേണ്ടി നോമ്പ് നോറ്റവനായ മ്ശിഹാ, നിനക്ക് ഇഷ്ടമാകുന്ന പ്രകാരം നോമ്പ് നോൽപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമെ.

നോമ്പിനാൽ നീതിമാന്മാർ ശ്രേഷ്ഠരായിത്തീർന്ന്, ദൈവത്തെ പ്രസാദിപ്പിച്ചു. മോശയും ഏലിയായും നമ്മുടെ കർത്താവും, നാല്പതു ദിവസം നോമ്പു നോറ്റു. നോമ്പാലും പ്രാർത്ഥനയാലും, സാത്താനെ ജയിപ്പാൻ ഞങ്ങളെ പഠിപ്പിച്ച മ്ശിഹാ തമ്പുരാനു

sthuthi. Karthaave! njangalum nompunottu shikshaa vidhiyil ninnu raksha praapikkumaaraakaname.

Anugrahangal niranjirikkunnavane!
Uyirppu divasangalil ninte srishtiye nee puthuthaakkaname.
Karthaave! ninte sharanathil marichu ninte varavinaayi nokkippaarkkunna njangalude marichupoyavare nee aashwassippichu punyappeduthaname.
Abrahaaminteyum Isahaakkinteyum Yaakkobinteyum madiyil avare nee vasippikkaname.
Vannavanum varunnavanum marichupoyavare uyirppikkunnavanum aayavan vaazhthappettavanaakunnu ennu shareerangalum aathmaakkalum orumichu attahasichu parayumaaraakaname.

Karthaave! njangalude nompum namaskkaaravum, ninakku vedippulla dhoopam poleyaayi, saurabhyangalude pukapole, ninte sannidhiyil kaikkollumaaraakaname.

Parishuddha nompu jayathinte adayaalavum, shathruvaakunna dushtante nere tholkkaatha aayudhavumaakunnu. Karthaave! njangalude namskaaram ninakku impamaakaname. Njangalude apeksha parimaladhoopam pole , thirusannidhiyil praveshikkumaa-raakaname.

Neethimaanmaarudeyum punyavanmaarudeyum nompine kaikkondav-anaaya Mishihaa! njangalude nompum praarthanakalum kaikkondu njangalodu karuna cheyyaname.

Njangalude karthaaveshumishihaa, (Moraan Yeshumishihaa) ninte karunayude vaathil njangalude mumpil nee

സ്തുതി. കർത്താവേ! ഞങ്ങളും നോമ്പുനോറ്റു ശിക്ഷാവിധിയിൽ നിന്ന് രക്ഷപ്രാപിക്കുമാറാകണമേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ!
ഉയിർപ്പു ദിവസങ്ങളിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.
കർത്താവേ! നിന്റെ ശരണത്തിൽ മരിച്ച് നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ.
അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ നീ വസിപ്പിക്കണമേ.
വന്നവനുംവരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ചു പറയുമാറാകണമെ.

കർത്താവേ! ഞങ്ങളുടെ നോമ്പും നമസ്ക്കാരവും, നിനക്ക് വെടിപ്പുള്ള ധൂപം പോലെയായി, സൗരഭ്യങ്ങളുടെ പുകപോലെ, നിന്റെ സന്നിധിയിൽ കൈക്കൊള്ളുമാറാകണമെ.

പരിശുദ്ധനോമ്പ് ജയത്തിന്റെ അടയാളവും, ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധവുമാകുന്നു. കർത്താവേ! ഞങ്ങളുടെ നമസ്ക്കാരം നിനക്ക് ഇമ്പമാകണമെ. ഞങ്ങളുടെ അപേക്ഷ പരിമളധൂപംപോലെ, തിരുസന്നിധിയിൽ പ്രവേശിക്കുമാറാകണമെ.

നീതിമാന്മാരുടെയും പുണ്യവന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മ്ശിഹാ! ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ഞങ്ങളുടെ കർത്താവേശുമ്ശിഹാ, (മോറാൻ യേശുമ്ശിഹാ) നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുമ്പിൽ നീ

adaykkaruthe. Karthaave! Njangal paapikalaakunnu ennu njangal ettuparayunnu. Njangalodu karuna cheyyaname. Karthaave! ninte maranathaal njangalude maranam maanju pokuvaanaayittu, ninte sneham ninte sthaanathu ninnu, njangalude adukkalekku ninne irakki. njangalodu karuna cheyyaname. Amen.

Soothaara Namaskaaram

(Kauma)

Uyarangalil Daivathinu sthuthiyum bhoomiyil samaadhaanavum, nirappum, manushyamakkalkku nalla sharanavum undaayirikkatte.

(Ee sthuthippu moonnu praavashyam cholli kurishuvarachu kumpidanam)

Psalms 4

Ente Daivavum ente neethiyude rakshakanumaayullove! njaan ninne vilichappol nee ennodu utharamaruli.

Ente njerukkangalil nee enne aashwasippichu ennodu karunacheythu ente praarthana kelkkaname.

Manushyaputhranmaare, ningal ethratholam ente bahumaanathe maraykkukayum vyarthathe snehikkukayum vyaajathe anwashikku-kayum cheyyunnu.

Karthaavu athbhuthathaal thiranjedukkappettavane, thanikkaayi verthirichu ennarinjukolvin. Njaan Karthaavine vilikkumpol avan kelkkum.

അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമേ. കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട്, നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന്, ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി. ഞങ്ങളോടു കരുണ ചെയ്യണമേ. ആമ്മീൻ.

സൂത്താറനമസ്കാരം

(കൗമാ)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

(ഈ സ്തുതിപ്പ് മൂന്നുപ്രാവശ്യം ചൊല്ലി കുരിശുവരച്ച് കുമ്പിടണം)

4–ാം സങ്കീർത്തനം

എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായുള്ളോവേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളി.

എന്റെ ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ച് എന്നോട് കരുണചെയ്ത് എന്റെ പ്രാർത്ഥന കേൾക്കണമെ.

മനുഷ്യപുത്രന്മാരേ, നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും വ്യർത്ഥത്തെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു.

കർത്താവ് അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ, തനിക്കായി വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ. ഞാൻ കർത്താവിനെ വിളി – ക്കുമ്പോൾ അവൻ കേൾക്കും.

Kopippeen ningal paapam cheyyaruthu. Ningalude hridayangalil dhyaanikkukayum ningalude kidakkakalil maunamaayirikkukayum cheyveen.

Ningal neethiyude balikal kazhichu Karthaavil aasrayippeen.

Nallavane namukku aarukaanichu tharumennum avante mukha praakaashathe nammudemel virikkatte, ennum parayunnavar palarundu.

Karthaave! avarude dhaanyavum veenjum ennayum orumichu samaadhaanathode varddhicha kaalathekkaal, ente hridayathil ninte santhosham nee thannu.

Njaan kidannurangum. Enthennaal Karthaave! nee maathram enne adakkathode vasikkumaaraakkum. Daivame! sthuthi ninakku yogyamaakunnu. Barekumor.

Apeksha

Karunayulla Daivame! ninte vaathilil njangalude apekshayude swaram muttunnu. Ninne vandikkunnavarude aavashyangal mudakkaruthe. Daivame! balaheenaraaya njangale sahaayippaanaayi ninne njangal vilikkunnu. Nallavane njangalude apekshayude swaram kettu, ninte karunayaal njangalude yaachanakal nalkumaaraakaname.

Mar Yaakkobinte Apeksha

Eeshaa naadhaa! varika thunappaan, vilikoottunnu
Praarthanaketti, ttaathmaakkal mel, chey kaarunyam

കോപിപ്പീൻ നിങ്ങൾ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ ധ്യാനിക്കുകയും നിങ്ങളുടെ കിടക്കകളിൽ മൗനമായിരിക്കുകയും ചെയ്‌വീൻ.

നിങ്ങൾ നീതിയുടെ ബലികൾ കഴിച്ച് കർത്താവിൽ ആശ്രയിപ്പീൻ.

നല്ലവനെ നമുക്ക് ആരുകാണിച്ചുതരുമെന്നും അവന്റെ മുഖപ്രാകാശത്തെ നമ്മുടെമേൽ വിരിക്കട്ടെ, എന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ! അവരുടെ ധാന്യവും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ, എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ കിടന്നുറങ്ങും. എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

അപേക്ഷ

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങൾ മുടക്കരുതേ. ദൈവമേ! ബലഹീനരായ ഞങ്ങളെ സഹായിപ്പാനായി നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട്, നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നല്കുമാറാകണമേ.

മാർ യാക്കോബിന്റെ അപേക്ഷ

ഈശാ നാഥാ! വരിക തുണപ്പാൻ, വിളികൂട്ടുന്ന
പ്രാർത്ഥനകേട്ടിട്ടാത്മാക്കൾമേൽ, ചെയ്കാരുണ്യം

Naadhaa! Devaa! Eeraya naadhaa! maalaakheshaa!
Praarthanaketti, ttaathmaakkal mel, chey kaarunyam

Ennullathe, thrithwaathmakane! shobhippikka,
Vishwaasathaal, muttunnen njaa, nutharamarulka

Sathyam kaanmaa, nen kannukale theliyikkenam
Njaan shishuvallo, thaangennum nin, kaarunyathaal

Yaachikkunnen, nirmmalahridayam, thannarulenam
Poornnathayil ninnekeedaname, jeevanjaanam

Dushtanodelppaan aathmaayudham aarjjikkenam njaan
Ninnaamathaal, mudrayadichenne, kaakkenam

Nin saubhaagyam, nedaan ninneppinpattum njaan
Naanikkaruthe, vaazhanamenmel, ninte valam kai

Njaan nintethaayi, theeranamennaa, nen hithamekum,
Vandhikkunnen, deenadayaalo, naadhaa! thaathaa!

Praapichen nin, kaarunyam njaan lajjikkalle
Nedaname njaan, vaanijaneppol, nin nikshepam

Sheelippaan nin, sadgranthathe, nalkeedaname
Njaan nin daasan, daasee puthran, jeevan nalka.

നാഥാ! ദേവാ! ഈറയനാഥാ! മാലാഖേശാ!
പ്രാർത്ഥനകേട്ടിട്ടാത്മാക്കൾമേൽ, ചെയ്കാരുണ്യം

എന്നുള്ളത്തെ, ത്രിത്വാത്മകനേ! ശോഭിപ്പിക്ക,
വിശ്വാസത്താൽ, മുട്ടുന്നേൻ ഞാ, നുത്തരമരുൾക

സത്യം കാണ്മാ, നെൻ കണ്ണുകളെ തെളിയിക്കേണം
ഞാൻ ശിശുവല്ലോ, താങ്ങെന്നും നിൻ, കാരുണ്യത്താൽ

യാചിക്കുന്നേൻ, നിർമ്മലഹൃദയം, തന്നരുളേണം
പൂർണ്ണതയിൽ നിന്നേകീടണമേ, ജീവജ്ഞാനം

ദുഷ്ടനാടേൽപ്പാ, നാത്മായുധമാർജ്ജിക്കേണം ഞാൻ
നിൻ നാമത്താൽ, മുദ്രയടിച്ചെന്നെ, കാക്കേണം

നിൻ സൗഭാഗ്യം, നേടാൻ നിന്നെ പ്പിൻപറ്റും ഞാൻ
നാണിക്കരുതേ, വാഴണമെന്മേൽ, നിന്റെ വലംകൈ

ഞാൻ നിന്റേതായ്, തീരണമെന്നാ, ണെൻ ഹിതമേകം,
വന്ദിക്കുന്നേൻ, ദീനദയാലോ, നാഥാ! താതാ!

പ്രാപിച്ചെൻ നിൻ, കാരുണ്യം ഞാൻ ലജ്ജിക്കല്ലേ
നേടണമേ ഞാൻ, വാണിജനെപ്പോൽ, നിൻനിക്ഷേപം

ശീലിപ്പാൻ നിൻ, സദ്ഗ്രന്ഥത്തെ, നൽകീടണമേ
ഞാൻ നിൻ ദാസൻ, ദാസീപുത്രൻ, ജീവൻ നൽക.

Ninmeyyetaan, njaan nedaname, naadhaa! jeevan
Kottaykkoppam, kaakkaname nin, sleebaayenne,

Praarthichen njaan thrikkaramenmel, vacheedanam
Nallidayaa nee, cherkkanamenne, nin kunjaadaay

Lokapithaave! jeeveshaa! nin, naamam sthuthyam,
Kaikkollenam, kaazhchakanakke, yenteyapeksha

Sarvvam kettittabhyarthanaye, kaikkolvone!
Praarthanakettittaathmaakkal mel krupa cheyyenam

(Ithinu pakaram thaazhe koduthirikkunna gadya bhaagam chollaavunnathaanu)

Njangalude naadhanaaya Karthaave! ninne njangal vilikkunnu. njangalude sahaayathinaayi vannu, njangalude apeksha kettu, njangalodu karuna cheyyaname.

Eerenmaarudeyum maalaakhamaarudeyum naadhanaaya Karthaadhikarthaave, njangalude apeksha kettu njangalodu karuna cheyyaname.

Pithaavum puthranum parishuddha roohaayumaayullove! njangalude hridayangale prakaashippikkaname. Viswaasathode ninte vaathilkkal njangal muttunnu. Ninte dayavaal njangalodu utharamarulaname. Ninte sathyathe kandu ninte naamathe sthothram cheyvaan, njangalude kannukale prakaashippikkaname. Ninte dayavil njangal sanketham praapichathinaal, njangale kaathukollaname.

നിന്മെയ്യേറ്റാൻ, ഞാൻ നേടണമേ, നാഥാ! ജീവൻ
കോട്ടയ്യോപ്പം, കാക്കണമേ നിൻ, സ്ലീബായെന്നെ,

പ്രാർത്ഥിച്ചേൻ ഞാൻ തൃക്കരമെന്മേൽ, വച്ചീടേണം
നല്ലിടയാ നീ, ചേർക്കണമെന്നെ, നിൻ കുഞ്ഞാടായ്

ലോകപിതാവേ! ജീവേശാ! നിൻ, നാമം സ്തുത്യം,
കൈക്കൊള്ളേണം, കാഴ്ചകണക്കെ, യെന്റെയപേക്ഷ

സർവ്വം കേട്ടീട്ടഭ്യർത്ഥനയെ, കൈക്കൊൾവോനെ!
പ്രാർത്ഥനകേട്ടീട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

(ഇതിനു പകരം താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ചൊല്ലാവുന്നതാണ്)

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന്, ഞങ്ങളുടെ അപേക്ഷ കേട്ട്, ഞങ്ങളോട് കരുണ ചെയ്യണമേ.

ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായ കർത്താധികർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണമേ. വിശ്വാസത്തോടെ നിന്റെ വാതിൽക്കൽ ഞങ്ങൾ മുട്ടുന്നു. നിന്റെ ദയവാൽ ഞങ്ങളോട് ഉത്തരമരുളണമേ. നിന്റെ സത്യത്തെ കണ്ട് നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാൻ, ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. നിന്റെ ദയവിൽ ഞങ്ങൾ സങ്കേതം പ്രാപിച്ചതിനാൽ, ഞങ്ങളെ കാത്തുകൊള്ളണമേ.

Ninnodu yaachikkunna njangalkku, vedipplla hridayam nalkaname. Ninte niravil ninnu, nithyajeevanekkurichulla arivu, njangalude bodhathil nivasippikkaname. Dushtanethiraayi poraadunnathinu, njangalkku aathmeeya aayudham nalkaname.

Ninte thirunaamathil njangale mudrakuthukayum, njangalude jeevane naasathil ninnu rakshikkukayum cheyyaname. Njangal ninne snehikkukayum, ninte pinnaale varikayum cheythirikkunnathinaal, njangale lajjippikkaruthe. Ninte pathivinprakaaram ninte valathu thrikkai njangaludemel aavasippikkaname.

Njangalude aagraham muzhuvanum, njangal ninakkullavaraayi theeranamennullathu maathramaakunnu. Kaarunyavaanaaya daivame, ninne njangal vandhikkunnu. Ninnil ninnu njangal karunayum dayavum praapichirikkunnathinaal, njangale lajjippikkaruthe. Vyaapaariyeppole, njangalude hridayam ninte nikshepathe sampaadikkumaaraakaname. Sathyathinte pusthakam, njangal vaayichu padikkuvaan idayaakaname.

Karthaave! njangal ninte daasarum daasiyude makkalumaakayaal, njangale jeevippikkaname. Ninte shareeram njangal bhakshikkukayum, ninte raktham paanam cheyyukayum cheythirikkunnathinaal, nee moolam njangal jeevan praapikkumaaraakaname.

Ninte Sleebaa, upadravangalil ninnu njangale maraykkunna kottayaayirikkaname. Karthaave! njangal ninnodu praarthikkunnathinaal, ninte valathu thrikkai njangaludemel aavasippikkaname.

നിന്നോടു യാചിക്കുന്ന ഞങ്ങൾക്ക്, വെടിപ്പുള്ള ഹൃദയം നൽകണമേ. നിന്റെ നിറവിൽ നിന്ന്, നിത്യജീവനെക്കുറിച്ചുള്ള അറിവ്, ഞങ്ങളുടെ ബോധത്തിൽ നിവസിപ്പിക്കണമേ. ദുഷ്ടനെതിരായി പോരാടുന്നതിനു, ഞങ്ങൾക്ക് ആത്മീയ ആയുധം നൽകണമേ.

നിന്റെ തിരുനാമത്തിൽ ഞങ്ങളെ മുദ്രകുത്തുകയും, ഞങ്ങളുടെ ജീവനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ നിന്നെ സ്നേഹിക്കുകയും, നിന്റെ പിന്നാലെ വരികയും ചെയ്തിരിക്കുന്നതിനാൽ, ഞങ്ങളെ ലജ്ജിപ്പിക്കരുതേ. നിന്റെ പതിവിൻപ്രകാരം നിന്റെ വലത്തു തൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

ഞങ്ങളുടെ ആഗ്രഹം മുഴുവനും, ഞങ്ങൾ നിനക്കുള്ളവരായി തീരണമെന്നുള്ളതു മാത്രമാകുന്നു. കാരുണ്യവാനായ ദൈവമേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്നിൽ നിന്ന് ഞങ്ങൾ കരുണയും ദയവും പ്രാപിച്ചിരിക്കുന്നതിനാൽ, ഞങ്ങളെലജ്ജിപ്പിക്കരുതേ. വ്യാപാരിയെപ്പോലെ, ഞങ്ങളുടെ ഹൃദയം നിന്റെ നിക്ഷേപത്തെ സമ്പാദിക്കുമാറാകണമേ. സത്യത്തിന്റെ പുസ്തകം, ഞങ്ങൾ വായിച്ച് പഠിക്കുവാൻ ഇടയാകണമേ.

കർത്താവേ! ഞങ്ങൾ നിന്റെ ദാസരും ദാസിയുടെ മക്കളുമാകയാൽ, ഞങ്ങളെ ജീവിപ്പിക്കണമേ. നിന്റെ ശരീരം ഞങ്ങൾ ഭക്ഷിക്കുകയും, നിന്റെ രക്തം പാനം ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ, നീ മൂലം ഞങ്ങൾ ജീവൻ പ്രാപിക്കുമാറാകണമേ.

നിന്റെ സ്ലീബാ, ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ മറയ്ക്കുന്ന കോട്ടയായിരിക്കണമേ. കർത്താവേ! ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നതിനാൽ, നിന്റെ വലത്തു തൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

Uthama idayanaayullove!, ninte aattin koottathil njangale kunjaadukalaakki theerkkaname. Lokangalude pithaavum jeevante adhipathiyumaayullove! ninte thirunaamathinu sthuthi. Njangalude apeksha kaazhchapole, ninte sreshtathayude mumpaake praveshikkumaaraakaname. Sakalavum kelkkunnavanum praarthanakal kaikkollunnavanum aayullove, njangalude apeksha kettu, njangalodu karunayundaakaname.

Maar Apreminte Shayanaparthana

Njangalkkulla Karthaave!
Njaaniha nidrayozhinjittu
Unarvvode nin thirumunpil
Nilppaanenikku nee nalkaname

Veendum njaanurangunnaakil
Enikkulla enteyurakkam
Karthaave! nin thirumumpil
Dosham koodaathaakaname

Ennunarchayil njaan chathipedukil
Nin nanmayil njaan porukkappedum
Urakkathil njaan pizhachenkil
Poruppaan karuna nee cheyyaname

ഉത്തമ ഇടയനായുള്ളോവേ!, നിന്റെ ആട്ടിങ്കൂട്ടത്തിൽ ഞങ്ങളെ കുഞ്ഞാടുകളാക്കി തീർക്കണമേ. ലോകങ്ങളുടെ പിതാവും ജീവന്റെ അധിപതിയുമായുള്ളോവേ! നിന്റെ തിരുനാമത്തിനു സ്തുതി. ഞങ്ങളുടെ അപേക്ഷ കാഴ്ചപോലെ, നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ പ്രവേശിക്കുമാറാകണമേ. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായുള്ളോ-വേ, ഞങ്ങളുടെ അപേക്ഷ കേട്ട്, ഞങ്ങളോടു കരുണയുണ്ടാകണമേ.

മാർ അപ്രേമിന്റെ ശയനപ്രാർത്ഥന

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ടു
ഉണർവ്വോടേ നിൻ തിരുമുൻപിൽ
നില്പ്പാനെനിക്കു നീ നൽകണമേ

വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ

എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമെ

Thava ksheenathil skeeppaayaal
Nallayurakkamenikku nee thaa
Aakaa swapnamashuddhiyil ni
Nnenne nee rakshichukollaname.

Nirappuniranja urrakkathil
Raavokkeyum enne nee bharikka
Thanyavarum vendaaninavum
Ennil mushkkaramaakkalle

Ninteyadiyaan njaanathinaa-
Lente sandhikal kaappaanaay
Velivinude maalaakhaaye
Enikku nee tharanam Karthaave!

Dweshathapettayapekshayil ni
Nnenne nee rakshichu kollaname
Uyirppetta nin dehathe
Njaan anubhavichennathinaale

Njaan charinjanukoolathaalurangumpol
Ninte chorayenikku kaaval
Nin manasinude swathakarmmam
Nin krupayode nalkaname

Nin kai menanja shareerathil
Ninte valathethaakaname
Ninte karunakal kottayathaai-
Enikku nee chuttichu kollaname

തവക്ഷീണത്തിൽ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാ സ്വപ്നമശുദ്ധിയിൽ നി
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമെ.

നിരപ്പുനിറഞ്ഞ ഉറക്കത്തിൽ
രാവൊക്കെയുമെന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്ക്കരമാക്കല്ലെ

നിന്റെയടിയാൻ ഞാനതിനാ-
ലെന്റെ സന്ധികൾ കാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ!

ദ്വേഷതപെട്ടയപേക്ഷയിൽ നി
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമെ
ഉയിർപ്പെട്ട നിൻ ദേഹത്തെ
ഞാൻ അനുഭവിച്ചെന്നതിനാലെ

ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മനസ്സിനുടെ സ്വതകർമ്മം
നിൻ കൃപയോടെ നൽകണമെ

നിൻ കൈ മെനഞ്ഞ ശരീരത്തിൽ
നിന്റെ വലത്തേതാകണമെ
നിന്റെ കരുണകൾ കോട്ടയതായ്
എനിക്കു നീ ചുറ്റിച്ചു കൊള്ളണമെ

Shareeramadangiyurangumpol
Kaavalathaayathu nin shakthi
Saurabhyamaaya dhoopam pol-
Enteyurakkam thirumumpil

Ninne pettennammayude
Ninnodullayapekshayaale
Enikkulla shayanathinmel
Thinmapettavananayaruthe

Enikkuvendeettuntaayennaa
Ninakkulla poojayaale
Enne vyasanathilaakkaay vaan
Saathaane nee mudakkaname

Karthaave! nin paranjappo
Ente pakkal thikaykkaname
Ninakkulla + Sleebaayaale
Ente aayussu kaakkaname

Njaanunarappettennappol
Ninne njaan kondaaduvaaan
Ente thalarchayude pakkal
Ninteyupavi nee kaattaname

Nin thirumanassine njaanarinju
Njaanathine chey vaanaayi
Nin thirumanogunamathinaale
Enikku nee manogunam cheyyaname

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻ ശക്തി
സൗരഭ്യമായ ധൂപം പോ-
ലെന്റെയുറക്കം തിരുമുമ്പിൽ

നിന്നെ പെറ്റെന്നമ്മയുടെ
നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതെ

എനിക്കുവേണ്ടീട്ടുണ്ടായെന്നാ
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമെ

കർത്താവെ! നിൻ പറഞ്ഞപ്പോ
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള + സ്ലീബായാലേ
എന്റെ ആയുസ്സു കാക്കണമെ

ഞാനുണരപ്പെട്ടെന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെയുപവി നീ കാട്ടണമെ

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞു
ഞാനതിനെ ചെയ്‌വാനായി
നിൻ തിരുമനോഗുണമതിനാലെ
എനിക്കു നീ മനോഗുണം ചെയ്യണമെ

Nirappu niranjoranthiyum
Punyathwathinude raavum
Njangalude rakshaakaran Mishihaa
Karthaave! adiyaarkku nee tharika

Velivil thaan prakaashichu
Velivil thanne paarkkunnu
Velivinude sutharaayavarum
Ninnethanne vandnikkunnu

Ninakku sthuthi ninte anugrahangal
Njangalude melumathaakaname
Iha lokathilumathupole
Paralokathilumathakaname

Ente Karthaave! ninakku sthuthi
Ninakku sthuthi sthuthi ninakku sthuthi
Aayirangalude aayiravum
Alavukoodaathe ninakku sthuthi

Swarggaa dhootharkkudayavane!
avaraal mahathwappedunnavane
Vandnanavodu ninakku sthuthi
Praarthanakal kaikkollaname

Threeyekamekathreeyaam
Ekadaivamaayulla
Pithrusutha parishuddhaathmaavaam
Sathya parane ninakku sthuthi

നിരപ്പു നിറഞ്ഞോരന്തിയും
പുണ്യത്വത്തിൻടെ രാവും
ഞങ്ങളുടെ രക്ഷാകരൻ മിശിഹാ
കർത്താവേ! അടിയാർക്കു നീ തരിക

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിൻടെ സുതരായവരും
നിന്നേത്തന്നെ വന്ദിക്കുന്നു

നിനക്കു സ്തുതി നിന്റെ അനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമെ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമതാകണമെ

എന്റെ കർത്താവേ! നിനക്കു സ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി

സ്വർഗ്ഗാ ദൂതർക്കുടയവനേ!
അവരാൽ മഹത്വപ്പെടുന്നവനേ
വന്ദനവോടേ നിനക്കു സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമെ

ത്രിയേകാമേകത്രയാം
ഏകാദൈവാമായുള്ള
പിതൃസുത പരിശുദ്ധാത്മാവാം
സത്യപരനേ നിനക്കു സ്തുതി

Balaheenarude apekshakalum
Anuthaapikalude kannuneerum
Mun phalamaaya kaazhchakal pol
Kaikkolvone ninakku sthuthi

Swarggaa dhoothanmaar thanne
Sthuthiyaal ghoshikkunnavane
Poozhikalayavarilninnu
Alavillaathe ninakku sthuthi

Pithru sutha parishuddhaathmaavaam
Ekadaivathin pakkal
Nirmmalamaaya bodhathaal
Sthothram naam cheytheedenam

Kollum vanchana yaayulla
Ponnum velliyum nedendaa
Nithya jeevan praapippaan
Sathyopadesham kelkka

Naalpathunaal upavasikka
Vishakkunnavanappam kodukka
Eeshai suthaneppol dinam
Ezhuvattam praarthikka

Moshayum Eliyaavum
Naalpathudinam nompeduthu
Nammude Karthaavum nottu
Aakalkkarusaaye jayichu

ബലഹീനരുടെ അപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾ പോൽ
കൈക്കൊൾവോനെ നിനക്കു സ്തുതി

സ്വർഗ്ഗാ ദൂതന്മാർ തന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനെ
പൂഴികളായവരിൽനിന്നു
അളവില്ലാതെ നിനക്കു സ്തുതി

പിതൃസുത പരിശുദ്ധാത്മാവാം
ഏകദൈവത്തിൻ പക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീടേണം

കൊല്ലും വഞ്ചനയായുള്ള
പൊന്നും വെള്ളിയും നേടേണ്ടാ
നിത്യജീവൻ പ്രാപിപ്പാൻ
സത്യോപദേശം കേൾക്ക

നാല്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശൊ സുതനേപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക

മോശയും ഏലിയാവും
നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു

Kadal koopaamagnikalil
Rakshichennaa praarthanakal
Njangalude namaskaarangalkku
Kripayude vaathil thurakkaname

Namaskaaram kelkkunnavane
Yaachanakal nalkunnavane
Njangalude namaskkaaram kettu
Yaachanakal nalkeedaname.

Kuriyelaayison... Kuriye...Kuriyelaayison.

Psalms 91, 120(Page No. 9)

Baarekmor, Athyunnathante maravil irikkunnavanum……….

Mar Severiyossinte Apeksha(Page No. 11)

Mahonnathante maravil irikkunnavanaaya Karthaave!..........

Kroobenmaarude Kauma(Page No. 12)

Karthaavinte bahumaanam thante sthaanathuninnu……….

Vishwaasapramaanam(Page No. 13)

Sarwashakthiyulla pithaavaayi aakaashathinteyum…………

Swarggasthanaaya njangalude pithaave.... ithyaadi

Samaapana Praarthana (Page No.16)

Pithaavaaya daivathinte snehavum…………….

കടൽ കൂപാമഗ്നികളിൽ
രക്ഷിച്ചെന്നാ പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്കു
കൃപയുടെ വാതിൽ തുറക്കണമെ

നമസ്കാരം കേൾക്കുന്നവനെ
യാചനകൾ നൽകുന്നവനെ
ഞങ്ങളുടെ നമസ്ക്കാരം കേട്ട്
യാചനകൾ നൽകീടണമെ.

കുറിയേലായിസോൻ... കുറിയേ...കുറിയേലായിസോൻ.

91, 120 മസുമൂറാകൾ ചൊല്ലണം (പേജ് നമ്പർ 9)

ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും......

മാർ സേവേറിയോസിന്റെ അപേക്ഷ (പേജ് നമ്പർ 11)

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ!.........

ക്രൂബേന്മാരുടെ കൗമാ (പേജ് നമ്പർ 12)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു..........

നിഖ്യാ വിശ്വാസപ്രമാണം (പേജ് നമ്പർ 13)

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും.........

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...ഇത്യാദി

സമാപന പ്രാർത്ഥന (പേജ് നമ്പർ 16)

പിതാവായ ദൈവത്തിന്റെ സ്നേഹവും..........

Psalms - 51

Daivame! ninte krupapole ennodu karuna cheyyaname; ninte karunayude bahuthwathin prakaaram ente paapangal maayichukalayaname.

Ente anyaayathil ninnu enne nannaayi kazhuki, ente paapangalil ninnu enne vedippaakkaname; enthennaal ente athikramangal njaan ariyunnu; ente paapangal eppozhum ente nereyumirikkunnu.

Ninnoduthanne njaan paapam cheythu. Ninte thirumunpil thinmakal njaan cheythu. Ennaal ninte vachanathil nee neetheekarikkappedukayum, ninte nyaayavidhikalil nee jayikkukayum cheyyum. Enthennaal anyaayathil njaan uthbhavichu; paapangalil ente maathaavu enne garbham dharikkukayum cheythu.

Ennaal neethiyil nee ishtappettu. Ninte jnjaanathinte rahasyangal enne nee ariyichu. Ninte soppaakondu ente mel thalikkaname. Njaan vedippaakkappedum. Athinaal enne venmayaakkaname; uracha manjinekkaal njaan venmayaakum.

Ninte aanandavum santhoshavum kondu enne thripthiyaakkaname. Ksheenamulla ente asthikal santhoshikkum. Ente paapangalil ninnu ninte thirumukham thirichu , ente athikramangal okkeyum maayikkaname.

51–ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യണമേ; നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽനിന്നും എന്നെ വെടിപ്പാക്കണമേ; എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു; എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമേ; ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ തിരുമുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

Daivame! vedippulla hridayam ennil srishtikkaname! Sthirathayulla aathmaavine ente ullil puthuthaakkaname. Ninte thirumunpil ninnum enne thallikkalayaruthe; ninte vishuddhaathmaavine ennil ninnu edukkayumaruthe.

Ennaalo ninte aanandavum rakshayum enikku thirichu tharaname. Mahathwamulla ninte aathmaavu enne thaangumaaraakaname. Appol njaan athikramakkaare ninte vazhi padippikkum. Paapikal ninkalekku thiriyukayum cheyyum.

Ente rakshayude Daivamaaya Daivame! rakthathil ninnu enne rakshichukollaname! Ente naavu ninte neethiye sthuthikkum. Karthaave! ente adharangal enikku thurakkaname. Ente vaay ninte sthuthikal paadum.

Enthennaal balikalil nee thirumanassaayilla; homabalikalil nee nirappaayathumilla. Daivathinte bali thaazhmayulla aathmaavaakunnu. Daivam nurungiya hridayam nirasikkunnilla.

Ninte ishtathaal sehiyonodu nanma cheyyaname. Oorsleminte mathilukal paniyaname. Appol neethibalikalum homabalikalum nee ishtappedum. Appol ninte balipeedathinmel kaalakal (baliyaayi) karerum.

Daivame! Sthuthi ninakku yogyamaakunnu – Barekumor.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. നിന്റെ തിരുമുമ്പിൽ നിന്നും എന്നെ തള്ളിക്കളയരുതേ; നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്നും എന്നെ രക്ഷിച്ചുകൊള്ളണമേ! എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല; ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതിബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലി പീഠത്തിന്മേൽ കാളകൾ (ബലിയായി) കരേറും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു – ബാറെക്മോർ.

MY LORD AND MY GOD

St. Gregorios

Indian Orthodox Church (Maha Edavaka)
Kuwait
Tel./Fax: 24312064
www.iocq8.org